# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025– 26

ഹൈസ്കൂൾ വിഭാഗം

## ഗവൺമെൻറ് മാനവേദൻ

## വി എച്ച് എസ് എസ് സ്കൂൾ   നിലമ്പൂർ

# ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ പഠന തന്ത്രങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന സുപ്രധാനരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഇതൊരു അധ്യായന വർഷത്തിലേക്കുള്ള വിദ്യാലയ പ്രവർത്തനങ്ങളുടെ രൂപരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ചേർന്ന് ഒരു പൊതുലക്ഷ്യത്തിനായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്ന

# കാഴ്ചപ്പാട്

2025- 26 വർഷത്തെ അക്കാദമിക മികവിനായുള്ള തയ്യാറെടുപ്പിന്റെ ഉത്പന്നമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. പാഠ്യ പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർഥികളെയും പഠനപ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനും ആയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതിയിലൂടെ പാഠ്യപദ്ധതി ലക്ഷ്യമിട്ട ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കാനും ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സാധിക്കും. സാമൂഹിക മൂല്യങ്ങളും മനോഭാവങ്ങളും വികസിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കാനും മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വിദ്യാർത്ഥി വികാസവും ഉറപ്പാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സാധിക്കും. ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ചിട്ടയോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും ,അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗവും പ്രവർ ത്തന പരിപാടികളും ഉൾക്കൊള്ളുന്നു. പാഠ്യ പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർഥികളെയും പഠനപ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനും ആയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

> അക്കാദമിക അക്കാദമികേതര മികവുകൾ നിലനിർത്തി ശാക്തീകരണ പ്രക്രിയയെ ധ്രുതഗതിയിലാക്കുക.

> പഠന പ്രവർത്തനങ്ങളെ കൂടുതൽ സക്രിയമാക്കുകയും സർഗാത്മക പാഠ്യ പ്രക്രിയകളാക്കി മാറ്റുകയും ചെയ്യുക

> അക്കാദമിക മികവ് ഉറപ്പാക്കുന്നതിന്  ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുക

> പാഠ്യ പ്രവർത്തനങ്ങളെ ജീവിത ഗന്ധിയായി അവതരിപ്പിക്കാൻ ശ്രമിക്കുക.

> സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുക

> പാഠ്യ പാഠ്യേതര പ്രവത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കു തിരിച്ചറിയുകയും അവയെ സൗകര്യപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.

# മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

മുഴുവൻ അധ്യാപകരെയും ഉൾപ്പെടുത്തി SRG യിൽ മാസ്റ്റർ പ്ലാൻ ശില്പശാല സംഘടിപ്പിച്ചു. വ്യക്തവും സമഗ്രവുമായ അക്കാദമിക മാസ്റ്റർ പ്ലാൻ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത ശില്പശാലയിലൂടെ അധ്യാപകരെ ബോധ്യപ്പെടുത്തി. ഈ വർഷം എന്തെല്ലാം ഫലപ്രദമായി പ്രവർത്തനങ്ങൾ ചെയ്യാമെന്ന കൂട്ടായ ചർച്ച സംഘടിപ്പിച്ചു .കുട്ടികൾക്ക് ഗുണപരമായ ആർജ്ജിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ കഴിയുന്ന തരത്തിലുള്ള പുതുമയുള്ളതും ക്രിയാത്മകവുമായ പരിപാടികളും പ്രവർത്തനങ്ങളും ഉൾപ്പെടുത്താൻ നിർദ്ദേശം നൽകി. പഠന നേട്ടങ്ങൾക്ക് പുറമേ വിദ്യാർത്ഥികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയടക്കം അവരുടെ സമഗ്ര വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന പരിപാടികളാണ് ഓരോ ക്ലബ്ബുകളും സബ്ജറ്റ് കൗൺസിലുകളും ആസൂത്രണം ചെയ്തിട്ടുള്ളത്. ആസൂത്രണം ചെയ്ത പരിപാടികളും പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കാൻ പ്രവർത്തനങ്ങളുടെ വിശദമായ പ്രക്രിയ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിശദമായ മാസ്റ്റർ പ്ലാനിന് പുറമേ ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിൽ ഇയർ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്

ഈ മാസ്റ്റർ പ്ലാൻ ഫലപ്രദമായി നടപ്പിലാക്കുന്നതിന് അധ്യാപകർ പിടിഎ , എസ് എം സി, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ പരിശ്രമം ആവശ്യമാണ് തികച്ചും മാതൃകാപരമായ ഒരു സമൂഹത്തെ വാർത്തെടുക്കാൻ എന്നും മാനവേദൻ സ്കൂൾ പ്രതിജ്ഞാബദ്ധരാണ്.

# വിദ്യാലയത്തെ കുറിച്ച്

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഗവ, മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ |
| വിലാസം | നിലമ്പൂർ, മലപ്പുറം 679329<br>ഫോൺ നമ്പർ 04931223140 (HS) |
| ഇ മെയിൽ | gmvhssnbr@gmail.com |
| സ്കൂൾ കോഡ് | 48035 (HS) |
| വിദ്യാഭ്യാസ ഉപ ജില്ലാ | നിലമ്പൂർ |
| വിദ്യാഭ്യാസ ജില്ലാ | വണ്ടൂർ |
| റവന്യൂ ജില്ലാ | മലപ്പുറം |
| ബി ആർ സി | നിലമ്പൂർ |
| സി ആർ സി | നിലമ്പൂർ |
| മുനിസിപ്പാലിറ്റി | നിലമ്പൂർ |
| നിയമസഭാ മണ്ഡലം | നിലമ്പൂർ |
| ലോകസഭാ മണ്ഡലം | വയനാട് |
| താലൂക്ക് | നിലമ്പൂർ |
| വില്ലേജ് | നിലമ്പൂർ |

മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ നിലമ്പൂർ ഉപ ജില്ലയിൽ നിലമ്പൂർ മുനിസിപ്പാലിറ്റിക്ക കീഴിലുള്ള നിലമ്പൂർ ഗവ മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ യുപി വിഭാഗത്തിൽ 100 , ഹൈസ്കൂൾ വിഭാഗ 1688 കുട്ടികളും 59 അധ്യാപകരും ഏഴ് ഓഫീസു ജീവനക്കാരും ജോലിചെയ്യുന്നുണ്ട്

പ്രിൻസിപ്പാൾ അനിൽ പീറ്റർ

ഹെഡ്മാസ്റ്റർ

യുപി & എച്ച്എസ് അബ്ദു റഹിമാൻ

# സ്കൂൾ ചരിത്രം

വർഷങ്ങൾക്ക് മുമ്പ് ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി മഞ്ചേരിയെ ആശ്രയിക്കേണ്ടിയിരുന്ന സാധാരണക്കാരന്റെ പ്രയാസം നേരിൽ കണ്ടാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. കനകവാഹിനിയായ ചാലിയാറിന്റെ തീരത്ത് 1939-ൽ സ്കൂളിനു വേണ്ടി നിലമ്പൂർ കോവിലകം നീക്കി വെച്ച 18 ഏക്കറിൽ അന്നത്തെ മദ്രാസ് സർക്കാർ വിദ്യാഭ്യാസ മന്ത്രിയായ ശ്രീ സിജെവർക്കി തറക്കല്ലിട്ടു. 1940 ജൂൺ 24 ന സ്കൂളിന്റെ മൂന്ന്, നാല് ഫോറങ്ങൾ കളത്തിങ്കട വ് റിക്രിയേഷൻ ക്ലബ്ബിൽ പ്രവർത്തനമാരംഭിച്ചു. 1940 ആഗസ്ത് ഒന്നിന് ചാലിയാറിന്റെ തീരത്തു പണികഴിപ്പിച്ച പുതിയ കെട്ടിടം ഡിസ്ടറി മജിസ്ട്രേറ്റ് ശ്രീ. വെങ്കിടേശ്വരൻ ഐ.സി.എസ്. ഉദ്ഘാടനംചെയ്തു.

വിദ്യാഭ്യാസം കച്ചവടമല്ലെന്നും ഒരു സാമൂഹിക സേവനമാണെന്നും അടിയുറച്ച് വിശ്വസിച്ചിരുന്ന നിലമ്പൂർ കോവിലകം സംസ്കൃതം ഒരപാഠ്യ വിഷയമാക്കി നിലനിർത്തണമെന്നും അധ്യാപകർക്ക് രാജവംശം നൽകിയിരുന്ന 000ന നിരക്കിൽ ശമ്പളം നൽകണമെന്നുമുള്ള വ്യവസ്ഥകളോടെ 1951-ൽ കേവലം ഒരു രൂപയ്ക്കു വിദ്യാലയം മദ്രാസ് സർക്കാരിന് കൈമാറി

1980-ൽ ഈ സ്ഥാപനത്തെ കൃഷി പാഠ്യ വിഷയമാക്കി വൊക്കേഷണൽ ഹയർ സെക്കൻഡറിയായി ഉയർത്തി 2000-ൽ ഹയർ സെക്കൻഡറി വിഭാഗവും ആരം ഭിച്ചു. എൻസിസി. എസ്.പിസി. സ്കൗട്. ജൂനിയർ റെഡ്ക്രോസ്. എൻ.എസ്. എസ് എന്നിവയും ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി അസാപ്പ് പദ്ധതിയും കൗമാര മാനസിക സമ്മർദ്ദങ്ങൾ പരിഹരിക്കാനായി സൗഹൃദ ക്ല ബ്ബും തൊഴിലറിവുകൾ നൽകാനായി കരിയർ ഗൈഡൻസ് ക്ലബ്ബും പ്രവർത്തിച്ച വരുന്നു.

# മികവുകൾ

സിന്തറ്റിക്  ട്രാക്കോടു കൂടിയ സ്റ്റേഡിയം
ഫുട്ബോൾ ടർഫ്
ഇൻഡോർ  സ്റ്റേഡിയം
ഓപ്പൺ സ്റ്റേജ്
സ്മാർട്ട് ക്ലാസ് റൂമുകൾ
പ്രത്യേക പിൻതുണ ആവശ്യമുള്ളകുട്ടികൾക്ക് റിസോഴ്സ് റൂം, സ്പെഷലിസ്റ്റ് ടീച്ചർ
വിശാലമായ ക്യാമ്പസ്
മികച്ച IT ലാബ്
ലൈബ്രറി
SPC
NCC
JRC
Little Kites
വിവിധ ക്ലബ്ബുകൾ
മികച്ച പഠന നിലവാരം
കായിക മികവിന്പ്രത്യേക പരിശീലനം
കലാ പരിശീലനം
കലാ കായിക മേഖലകളിലെ മികച്ച പങ്കാളിത്തം
സ്കൂൾ ബസ്

## മികവിനായി 2025-26 വർഷം ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

- ഭാഷാശേഷി വികസനം

  മലയാളം ,അറബി, ഉറുദു, ഇംഗ്ലീഷ് , ഹിന്ദി പഠന പരിപോഷണം - എഴുത്ത്, വായന, ആശയ വിനിമയം

- ഗണിത ശേഷി വികസന പ്രവർത്തനങ്ങൾ

  അടിസ്ഥാന ഗണിത ക്രിയകൾ, ജ്യാമിതി, നിത്യ ജീവിതമായി ബന്ധപ്പെട്ട ഗണിതം

- ശാസ്ത്ര പരിപോഷണ പരിപാടികൾ

  ശാസ്ത്ര മനോഭാവം, ശാസ്ത്ര ചിന്തകൾ, പരീക്ഷണങ്ങളിൽ ഏർപ്പെടൽ

- വായനാ പരിപോഷണ പ്രവർത്തനങ്ങൾ

  ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾ

- ലാബ് നവീകരണം
- പ്രതിഭാ പരിപോഷണ പരിപാടികൾ
- പഠനയാത്രകൾ , ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
- പഠന പ്രക്രിയയിൽ സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തൽ
- സ്കൂൾ മാഗസിൻ തയ്യാറാക്കൽ
- സ്കൂൾ ശാസ്ത്രമേള പങ്കാളിത്തം വർദ്ധിപ്പിക്കൽ, മികച്ച രീതിയിൽ സംഘടിപ്പിക്കൽ
- സ്കൂൾ കലാമേള പങ്കാളിത്തം വർദ്ധിപ്പിക്കൽ, മികച്ച രീതിയിൽ സംഘടിപ്പിക്കൽ
- സ്കൂൾ കായികമേളകൾ പങ്കാളിത്തം വർദ്ധിപ്പിക്കൽ, മികച്ച രീതിയിൽ സംഘടിപ്പിക്കൽ
- മെച്ചപ്പെട്ട കായിക പരിശീലനം ഉറപ്പാക്കൽ
- വിജയഭേരി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ
- വിജയസ്പർശം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ
- സംവാദങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ സംഘടിപ്പിക്കൽ

- ഭിന്നശേഷി വിദ്യാർഥികൾക്ക് പഠന പിന്തുണ ഉറപ്പാക്കൽ
- ഗിഫ്റ്റഡ് സ്റ്റുഡൻസിന് മികവ് പരിപോഷിപ്പിക്കാനുള്ള പ്രത്യേക പരിശീലനങ്ങൾ
- ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം
- പ്ലാസ്റ്റിക് രഹിത ക്യാമ്പസ്
- ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

## ഭൗതിക വികസനം

- ക്ലാസ് റൂമുകളുടെ എണ്ണം വർദ്ധിപ്പിക്കൽ
- എല്ലാ ക്ലാസിലും ICT സൗകര്യങ്ങൾ ഒരുക്കൽ
- ഓഡിറ്റോറിയം നിർമ്മിക്കൽ
- അനൗൺസ്മെൻറ് സിസ്റ്റം മെച്ചപ്പെടുത്തൽ
- ഐടി ലാബ് നവീകരണം
- ശാസ്ത്രലാബ് നവീകരണം
- പഠനോപകരണങ്ങൾ വാങ്ങൽ
- ഭിന്ന ശേഷി വിദ്യാർത്ഥികൾക്കായി അനുരൂപീകരിച്ച പഠന ഉപകരണങ്ങൾ തയ്യാറാക്കൽ
- റീഡിങ് റൂം സൗകര്യങ്ങൾ ഒരുക്കൽ
- മെസ് ഹാൾ നിർമ്മിക്കൽ
- കൂടുതൽ ടോയിലറ്റുകൾ നിർമ്മിക്കൽ
- കുടി വെള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
- ലേഡീസ് ഫ്രണ്ടിലെ ടോയ്ലറ്റുകൾ നിർമ്മിക്കൽ
- ഇൻസിനേറ്ററുകൾ സ്ഥാപിക്കൽ
- ലേഡീസ് റെസ്റ്റിംഗ് റൂം

# സാമൂഹികം

- പിടിഎ , എസ് എം സി ശക്തിപ്പെടുത്തൽ
- പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ മെച്ചപ്പെട്ട പ്രവർത്തനം
- വിദ്യാലയ വികസന സമിതിയുടെ മികച്ച പ്രവർത്തനം
- സന്നദ്ധസംഘങ്ങളുടെയും ക്ലബുകളുമായി ചേർന്നുള്ള പ്രവർത്തനം
- സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ശക്തിപ്പെടുത്തൽ
- സാമൂഹിക സഹകരണത്തോടെ മെച്ചപ്പെട്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
- പൂർവ്വ അധ്യാപകരുടെ സേവനം ഉറപ്പാക്കൽ
- വിവിധ മേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ
- വിദ്യാലയ മികവുകൾ സമൂഹമായി പങ്കുവെക്കൽ
- ഭവന സന്ദർശനം
- രക്ഷിതാക്കളും സമൂഹവുമായുള്ള ബന്ധം ശക്തമാക്കൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കൽ

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ റേഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ - ഡിസംബർ) | റേഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

ജി എം വി എച്ച് എസ് എസ് നിലമ്പൂർ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**വിഷയം : അറബിക്**

**പ്രശ്നം:** സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.

**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം هيا نقرأ | നിലാവാരണം | ജൂൺ 12-25 | AT | 100/- |
| | വിശകലനം | ജൂൺ 30 | AT | |
| | വായന സാമഗ്രികൾ ശേഖരിക്കൽ( കാർഡ്, പുസ്തകങ്ങൾ എന്നിവ ) | ജൂലൈ- 15 | PTA, AC | 750/- |
| | തുടർവായന | ജൂലൈ 15 – ജനുവരി 15 | AT, AC | |
| | ആശയവിവരണം | ആഴ്ചയിൽ | AC | |
| | വായന ഫെസ്റ്റ് | ജനുവരി 1- 10 | PTA, AC | 1500/- |

**പ്രശ്നം:** സ്വതന്ത്ര' ആശയ വിനിമയത്തിന് പ്രയാസം നേനരിടുന്നു.
**ലക്ഷ്യം:** ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ സംസാരിക്കാം<br>هيا نتكلم في العربية | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ 1-30 | PTA, AC | 500/- |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5- ഡിസംബർ 30 | AC | |

**പ്രശ്നം:** അറബി ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേനരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളെ അറബിക് ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടാം<br>هيا نفهم معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ - ആഗസ്റ്റ് | AT | |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസ്റ്റ് | AT | |
| | എന്റെ നിഘണ്ടു | ജൂലൈ- ജനുവരി | AC | 200/- |

**പ്രശ്നം:** പദസമ്പത്തിന്റെ കുറവ്

**ലക്ഷ്യം:** പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദചങ്ങല നിർമ്മാണം | ജൂലൈ- ജനുവരി | AC | 100/- |

| | | | | |
|---|---|---|---|---|
| هيا نفهم ألفاظ العربية | ദ യറ്റ് | ജൂലൈല | AC | 200/- |
| | ദനേക#ി | ജൂലൈല-ആ,സ്റ്റ് | AC | 200/- |
| അറബിക് ക്ലബ്ബ് نادي اللغة العربية | ക്ലബ്ബ് രൂ ീകരണം | ജൂൺ 28 | AC | |
| | ക്ലബ്ബ് ന വർത്ത കലണ്ടർ | ജൂലൈല | AC, CLUB Members | |
| | "അന്നശീദ്" അറബിക് സ്നേകാ#ർഷിപ്പ് രീക്ഷ | ആ,സ്റ്റ്-ളെസ തം ർ | AC | 1000/- |

| | | | | |
|---|---|---|---|---|
| | **അറബിക് ഡേ+**<br>ദിനാചരണ കാമ്പയ്ൻ | സെപ്തംബർ-<br>ഡിസംബർ | P TA, AC, CLUB | 1500/- |
| | മാ,സിൻ പ്രകാശനം | നവംബർ | AC, CLUB | 500/- |
| | ദിനാചരണങ്ങൾ | ജൂൺ-<br>ജനുവരി | AC, CLUB | |

*AC: Academic Council*
*AT: Academic Teacher*

अक्कादमिक् मास्टर् प्लान् संस्कृतम्

| क्रम संख्या | क्षेत्र | गतिविधय: | कालांश: | क्रियान्वयन | वित्तीय | अभिधानम् |
|---|---|---|---|---|---|---|
| १ | श्रवणम् | लघु संस्कृतगानानि श्रावयति । <br> * बालकविता <br> * सुभाषितानि | जून - ओगस्ट् | संस्कृत-अध्यापिका | | संस्कृत-पठनाय तात्पर्यं जनिष्यति । |
| २ | लेखनम् | पठनं लेखनं च करोति । सङ्गे वर्णमाला चार्ट् निर्माणम् । <br> * शब्दकोशम् <br> * वाक्यरचना <br> * संभाषणरचना <br> * प्रश्नवाचकशब्दा: लिखति । | जूण - मार्च् | अध्यापिका | | वाक्यलेखन क्षमता । |
| ३ | पठनम् | सरलपुस्तकसङ्ग्रहेण संस्कृतपुस्तकालय: सज्जीकरोति । <br> * पुस्तकपरिचायनम् | जूण - मार्च् | अध्यापिका छात्रा: | | |
| ४ | ~~पठनम्~~ अवतरणम् | संभाषणम् । <br> कथाकथनम् । | जूण - मार्च् | छात्रा: | | संस्कृत-भाषायां वक्तुं क्षमता |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 ഉർദു

## പ്രവർത്തന പദ്ധതി മാർഗരേഖ

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | മീഠി ആവാസ് വായന | വായന മത്സരങ്ങൾ ക്വിസ് മത്സരങ്ങൾ ഉർദു പത്രങ്ങൾ വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ക്ലബ് ഉർദു സബ്ജക്ട് കൗൺസിൽ | 250 | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 2 | മാഗസിൻ ചുമർ പത്രിക | രചനാശേഷി വളർത്തൽ ഉർദു ഭാഷാ രചനാ മികവ്, സർഗാത്മകത എന്നിവ വളർത്തുന്നതിന് വേണ്ടി മാഗസിൻ, ചുമർപത്രിക നിർമ്മാണം | ടേം-ൽ ഒന്ന് വീതം | ക്ലബ് ഉർദു സബ്ജക്ട് കൗൺസിൽ | 300 | എച്ച്.എം സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായതും ഉർദു വിലുള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് | എല്ലാ മാസവും | ഉർദു ക്ലബ് | — | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 4 | ഗസൽ മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും വേണ്ടി | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | — | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 5 | ഡോ. ഇഖ്ബാൽ ഉർദു ദിനം | ടാലന്റ് ടെസ്റ്റ്, ഉർദു ഭാഷാ ക്വിസ്, സെമിനാർ | നവംബർ മാസം | ഉർദു സബ്ജക്ട് കൗൺസിൽ | — | എച്ച്.എം സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 6 | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | അധ്യയന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | പ്രതീക്ഷിത ഫണ്ട് | എച്ച് - എം സബ്ജക്ട് കൗൺസിൽ |
| 7 | ദിനാചരണങ്ങൾ | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാശേഷി വളർത്തുന്നതിനും സർഗാത്മകത വളർത്തുന്നതിനും രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ | അതാത് ദിവസങ്ങളിൽ | ക്ലബ് ഉർദു സബ്ജക്ട് കൗൺസിൽ | — | എച്ച് - എം സബ്ജക്ട് കൗൺസിൽ |
| 8 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ തൊഴിലിനെ പരിചയപ്പെടുത്തൽ | അധ്യയന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | — | എച്ച് . എം സബ്ജക്ട് കൗൺസിൽ |

# ACADEMIC MASTER PLAN – ENGLISH

| AIM | ACTIVITIES | DURATION |
|---|---|---|
| Enable to communicate in English language confidently | Spoken English Class<br>English Cartoon Shows<br>English Assembly | Academic Year |
| Opportunities for Creativity | Role Play<br>Seminars and Debates with external faculties<br>Preparing scripts and profiles<br>Choreography of English Poems | Classroom Activities<br>Academic Year |
| Equip to read and write independently | News Reading in English<br>Word cards to form sentences<br>Simple Games in English<br>News Reading Competitions | Classroom Activities<br>Assembly |
| Dramatization | Skits, Puppet Show<br>English Assembly<br>Presenting the scenes of lessons through skits and puppet shows | Classroom Activities |
| Enable and equip for Versification and Recitation | Opportunities to hear audios of recitations, speech etc<br>Participation in competitions<br>Magazine preparation | Twice in the Academic year |

| | | |
|---|---|---|
| Debates | Opportunity to communicate in English with external faculties<br>Conduct debates<br>Book Reviews | Once in the Academic year |
| Utilize technology in developing Communicative skills | English Fest, Film Fest<br>Opportunity to watch English Movies | Once in the Academic year |

# Academic Master plan – HINDI 2025-26

## പൊതുവായ ലക്ഷ്യങ്ങൾ

→ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക

→ ഓരോ യൂനിറ്റിൽ നിന്നും കുട്ടിക്ക് ലഭിക്കേണ്ട പഠന നേട്ടങ്ങൾ ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക.

→ ഹിന്ദി ഭാഷാ പഠനം ലളിതവും, ആകർഷകവും രസകരവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

→ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികളുടെ ദേശസ്നേഹവും ഭാഷാ സ്നേഹവും വളർത്തിയെടുക്കുക.

→ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

### എട്ടാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്ന ഉച്ചാരണം പരിചയപ്പെടുത്തുന്നു. | അക്ഷരമാല ചാർട്ട് പേപ്പറിൽ എഴുതിക്കുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ ജൂലൈ |
| അക്ഷരങ്ങൾ എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു. ആഴ്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ കുട്ടികളുടെ ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. ഹിന്ദി കലണ്ടർ ഉണ്ടാക്കുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ |

| | | |
|---|---|---|
| ഹിന്ദി അനായാസം എഴുതുവാനും, വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് അവതരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ ജനുവരി |
| ഒമ്പതാം തരം | | |
| ഹിന്ദി എഴുതുവാനും, വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു.<br>നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു.<br>ചെറിയ ചെറിയ ശുദ്ധവാക്യങ്ങൾ എഴുതുവാൻ പരിശീലിപ്പിക്കുന്നു. | പഠിച്ച പാഠഭാഗങ്ങളിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>സൂചന ബോർഡുകൾ തയ്യാറാക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു.<br>കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുവാനറിയുന്നു | പോസ്റ്ററിന്റെ മാതൃക നൽകുന്നു. നോട്ട്ബുക്കിൽ പോസ്റ്റർ തയ്യാറാക്കുന്നു. | നവംബർ<br>ഡിസംബർ |

## പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | ക്ലാസിൽ നാടകം അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ ജൂലൈ |
| ദിനാചരണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ മികച്ച പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | പോസ്റ്റർ രചന, പദ്യം ചൊല്ലൽ, വായന മത്സരം എന്നിവ സംഘടിപ്പിക്കുന്നു | ആഗസ്റ്റ്, സെപ്തംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ പ്രകടിപ്പിക്കുന്നു. കഥയെ തിരക്കഥയാക്കി മാറ്റുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു കത്ത് തയ്യാറാക്കാനറിയുന്നു | പാഠഭാഗങ്ങളെ ആസ്പദമാക്കി തിരക്കഥ, ഡയറി, ചരിത്രകുറിപ്പ് എന്നിവ തയ്യാറാക്കുന്നു | നവംബർ ജനുവരി |

# ഹൈസ്കൂൾ-സയൻസ് PS അക്കാദമിക് മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | • സയൻസ് ലാബ് നവീകരണം, • ശാസ്ത്ര മേഖലയെ ആധുനിക വൽക്കരിക്കുക. • ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | ഗ്രീൻ പ്രോജക്റ്റ് ഫണ്ട്. |
| 2) ഹരിതഗിരി – സൗഹൃദ മനോഭാവം വളർത്തുക | • സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ക്യാമ്പസ്. • പ്ലാസ്റ്റിക് വസ്തുക്കളെ ഉപകാരപ്രദമായ വസ്തുക്കളാക്കി മാറ്റുന്നതും അവ പ്രദർശിപ്പിക്കുകയും ചെയ്യുക. | അക്കാദമിക വർഷം | സയൻസ് ക്ലബ് | – |
| 3) അന്വേഷണത്വര വർധിപ്പിക്കൽ, | സംസ്ഥാന, ദേശീയ തലത്തിലുള്ള സയൻസ് ക്വിസ്, ടാലന്റ് ടെസ്റ്റ് മുതലായവയിൽ പങ്കെടുത്ത് — ഇന്നൊവേറ്റീവ് ആശയങ്ങളിൽ കുട്ടികളെ — പങ്കാളികളാക്കുന്നു. | അക്കാദമിക വർഷം (1 തവണ) | സയൻസ് അധ്യാപകർ | രക്ഷിതാക്കൾ, മാനേജ്മെന്റ് |
| 4) തൊഴിൽ നൈപുണി | - പാഠഭാഗത്തിൽ പരിചിതമായ LED ബൾബ് നിർമ്മാണം പരിശീലിപ്പിക്കുന്നു | 1 ദിവസം | സയൻസ് ക്ലബ് | ക്ലബ് |

| | | | | |
|---|---|---|---|---|
| ഉരുന്നിനുള്ള ചെറിയ ആവശ്യങ്ങൾ | • സോപ്പ് നിർമ്മാണം — വിവിധ തരത്തിലുള്ള സോപ്പുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഫണ്ട് സംഘടിപ്പിക്കുന്നു. | 1 ദിവസം | സയൻസ് ക്ലബ്. | |
| 5 ശുചിത്വം, ജീവജല നിരീക്ഷണ പാഠങ്ങൾ എന്നിവ പരിപോഷിപ്പിക്കുക. | • ലളിത പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ ചെയ്തു കാണിക്കുവാൻ അവസരം നൽകുന്നു. • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | – |
| | • കൊളാഷ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം, ക്വിസ്സുകൾ രചന, ചിത്ര രചന, സെമിനാർ എന്നിവ വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് നടത്തുകയും അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | – |

ഹൈസ്കൂൾ - ബയോളജി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ആരോഗ്യം - വ്യക്തി ശുചിത്വം പരിസ്ഥിതി ശുചിത്വം | • [illegible] ശുചീകരണം (dry-day)<br>• ബോധവൽക്കരണ ക്ലാസ്<br>• മാലിന്യസംസ്കരണം<br>• സാംക്രമിക രോഗം - ക്ലാസ് | ജൂൺ - സെപ്റ്റംബർ | Health club - അധ്യാപകർ, വിദ്യാർത്ഥികൾ, PTA | – | – |
| 2 | ഹരിത വിദ്യാലയം. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്. | • Clean class mission.<br>• Refuse 'plastic policy'<br>• | അക്കാദമിക് വർഷം | Health club. Science club കുട്ടികൾ | – | – |
| 3 | Anti drug campaign | • ബോധവൽക്കരണ ക്ലാസ്<br>• സ്കിറ്റ്<br>• flash mob<br>• ബോധവൽക്കരണ video | അക്കാദമിക് വർഷം | അധ്യാപകർ, കുട്ടികൾ | – | – |
| 4. | കൃഷി - ഒരു സംസ്കാരം | • അടുക്കളത്തോട്ടം<br>• field trip - പാടം<br>• Videos<br>• കൃഷിപാഠങ്ങൾ | ജൂൺ - December | Science club. | – | – |

# സോഷ്യൽ സയൻസ് മാസ്റ്റർ പ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രത്തെ അറിയാൻ:- • ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ നവംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ്ബ് അംഗങ്ങൾ |
| 2 ജനാധിപത്യം ഒരു ജീവിത രീതിയാക്കി മാറ്റുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | • സ്കൂൾ പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | അധ്യാപകർ ഇൻചാർജ് വിദ്യാർത്ഥികൾ |
| 3 പ്രകൃതി പ്രതിഭാസങ്ങൾ, പ്രകൃതി വ്യതിയാനങ്ങൾ അവയുടെ അനന്തരഫലങ്ങൾ എന്നിവയെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക. | • കാലാവസ്ഥ ഉച്ചകോടി സംഘടിപ്പിക്കുക. | ജൂലൈ ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | അധ്യാപകർ വിദ്യാർത്ഥികൾ |

Subject: Maths · Master plan –

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| * ഗണിതം മധുരം - മോട്ടിവേഷൻ class ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ | അടിസ്ഥാന ആശയ രൂപീകരണത്തിലൂടെ ഗണിതത്തിലുള്ള [illegible] താല്പര്യം ഉണ്ടാക്കൽ | 2 മാസം June July | ഗണിത അധ്യാപകർ. | |
| * പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക. * peer group teaching | 8-10 വരെയുള്ള ഓരോ കുട്ടിയും അടിസ്ഥാന ഗണിത ക്രിയ. കൃത്യ പ്രയോഗവും പ്രായോഗികമായി ഉപയോഗിക്കാനുള്ള ശേഷി നേടുക. | Aug to Dec | ഗണിത അധ്യാപകർ. | |
| * PUZZLE CORNER | ഗണിതം രസകരമാക്കാൻ താല്പര്യം വർദ്ധിപ്പിക്കാൻ | എല്ലാ മാസവും | ഗണിത [illegible] അധ്യാപകർ | |
| * ഗണിത മാഗസിൻ | ഗണിത പരമായ സർഗാത്മകത, വസ്തുതകളുടെ വിശകലനം, ചിന്തിക്കാൻ etc വികസിപ്പിക്കുക. | Sept Octbr | ഗണിത ക്ലബ് അധ്യാപകർ. | |
| * ഗണിത ശാസ്ത്രജ്ഞരുടെ ജന്മദിനാചരണങ്ങൾ | ഗണിത വാസന വികസിപ്പിക്കാൻ | Nov Dec | ഗണിത ക്ലബ് ഗണിതാധ്യാപകർ. | |
| * ഗണിത ക്വിസ് | " | ഓരോ term-ഉം | | |
| ഗണിതലാബ് രൂപീകരണം. | പ്രായോഗിക പ്രവർത്തനങ്ങൾ | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം, ചുമതല | PTA, SMC, Municipality | ഫണ്ട് |
|---|---|---|---|---|
| * ആധുനിക സാങ്കേതിക വിദ്യകളും സങ്കേതങ്ങൾ പഠന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുക. | വിവിധ ഗണിതശേഷികൾ വികസിപ്പിക്കുന്നതിന്. ഗണിത പഠനം കൂടുതൽ അർത്ഥവത്തും രസകരവുമാക്കാൻ. | | PTA അധ്യാപകർ | |

GMVHSS Nilambur — അക്കാദമിക് മാസ്റ്റർപ്ലാൻ

സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം. | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും Gym [Open] | ജൂൺ– മെയ്. | സ്കൂൾ തല സമിതികൾ. | [illegible] ഫണ്ട് | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഫിറ്റ്നസ് നിലനിർത്താനായി [illegible] Gym സ്ഥാപിക്കുക എന്ന ലക്ഷ്യം |
| 2 | ആരോഗ്യ കായികവിദ്യാഭ്യാസം | സ്കൂളിലെ തിരഞ്ഞെടുത്ത 35 പെൺകുട്ടികൾക്കായി [illegible] പരിശീലനം. | ജൂൺ– മെയ് | സ്കൂൾതല സമിതി. | School, ജനകീയ സമിതി [illegible] ഫണ്ട്. | [illegible] എന്ന ലക്ഷ്യം (പെൺകുട്ടികൾക്ക്) |

മേഖല : ഹൈസ്കൂൾ - മ്യൂസിക്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശിൽപശാല രാഗപരിചയം | രാഗപരിചയം സിനിമാ ഗാനങ്ങളിലൂടെ. സിനിമാ ഗാനങ്ങളിലൂടെ വിവിധ രാഗങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. | പ്രശസ്ത സംഗീതജ്ഞരുടെ ഓർമ്മ ദിവസങ്ങളിൽ | സംഗീത അധ്യാപിക. |
| ഗസൽ ശിൽപശാല | കുട്ടികൾക്ക് ഗസൽ പരിചയപ്പെടുത്തുന്നു. | ഒരു ദിവസം | സംഗീത അധ്യാപിക |
| വിവിധ മത്സരങ്ങൾക്കായ് കുട്ടികളെ പരിശീലിപ്പിക്കൽ | താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി കഴിവു പരിപോഷിപ്പിക്കാനുള്ള പരിശീലനം നൽകൽ | അക്കാദമിക വർഷം | PTA അധ്യാപകർ സംഗീത അധ്യാപിക. |

മേഖല – ഹൈസ്കൂൾ – ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കഴിവുകളും പരിമിതികളും മനസിലാക്കി അവരെ മുഖ്യധാരയിൽ എത്തിക്കുക. | കുട്ടിയെ വ്യക്തിഗതമായ വിലയിരുത്തി കുട്ടിയുടെ കഴിവിനും പരിമിതിക്കും അനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ നൽകി പഠനം ആസ്വാദ്യകരമാക്കുക. ICT പ്രയോജനപ്പെടുത്തുക | അക്കാദമിക വർഷം | അധ്യാപകർ സ്പെഷ്യൽ എഡ്യുക്കേറ്റർ |
| സർഗശേഷി പരിപോഷിപ്പിക്കൽ | കഴിവുകൾ കണ്ടെത്തി പരിശീലനം നൽകി സ്കൂളിലെ പരിപാടികളിൽ പങ്കെടുപ്പിക്കുക. പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | അധ്യാപകർ സ്പെഷ്യൽ എഡ്യുക്കേറ്റർ PTA |
| കഴിവുകൾക്ക് അർഹമായ അംഗീകാരം നൽകുക | കുട്ടിയുടെ അഭിമാനമുയർത്തുന്ന രീതിയിൽ വേണ്ട പരിഗണനയും അംഗീകാരവും നൽകുക. | അക്കാദമിക വർഷം. | അധ്യാപകർ സ്പെഷ്യൽ എഡ്യുക്കേറ്റർ |
| ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക | ഭിന്നശേഷി സൗഹൃദ ഭൗതിക സാഹചര്യങ്ങൾ, പഠന സാഹചര്യങ്ങൾ ഒരുക്കുക. | അക്കാദമിക വർഷം | PTA സ്പോൺസർ അധ്യാപകർ സ്പെഷ്യൽ എഡ്യുക്കേറ്റർ |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**ജി .എം . വി . എച്ച്. എസ് - നിലമ്പൂർ**

**അക്കാദമികമാസ്റ്റർ പ്ലാൻ**

**( 2025 – 26 )**

2025 - 26 പാഠ്യപദ്ധതി സമീപനത്തിൽ തൊഴിൽ വിദ്യാഭ്യാസത്തിന് വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ട് വിദ്യാലയങ്ങളിൽ അത് നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി വിദ്യാഭ്യാസ വകുപ്പ് മുന്നോട്ടു പോവുകയാണ്. പുതിയൊരു തൊഴിൽ സംസ്കാരം കുട്ടികളെ രൂപപ്പെടുത്തുന്നതിന് 5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പ്രവർത്തന പുസ്തകങ്ങൾ നിലവിൽ വരികയും ചെയ്തു. ഈ സന്ദർഭത്തിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിനുള്ള പ്രസക്തി എടുത്തു പറയേണ്ടതാണ്, കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ ആർജിച്ചെടുക്കേണ്ട ശേഷികളും നൈപുളികളും അനുഭവാധിത പഠനത്തിലൂടെ നേടാൻ സാധിക്കുന്നത് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിലൂടെയാണ്. വിവിധ വിഷയങ്ങളിലെ പഠനശേഷികൾ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പ്രവർത്തന പുസ്തകത്തിലെ വിവിധ പ്രവർത്തനങ്ങളിലൂടെ ഉദ്ധരിച്ചുകൊണ്ട് ക്ലാസ് മുറികളിൽ വിനിമയം നടത്തിയാൽ നമ്മുടെ കുട്ടികൾ ഓരോ പ്രായത്തിലും ആർജ്ജിച്ചെടുക്കേണ്ട ശേഷികളും നൈപുളികളും , നേടുകയും എല്ലാ ഗുണമേന്മയും ഉറപ്പുവരുത്തുന്ന തരത്തിലുള്ള പുതുതലമുറയെ സൃഷ്ടിക്കുവാൻ വിദ്യാലയങ്ങൾക്ക് സാധിക്കും. വിദ്യാഭ്യാസത്തിൽ സമഗ്ര ഗുണമേന്മ ഉറപ്പാക്കുന്നതിനും ഒരു തൊഴിൽ സംസ്കാരം തൊഴിൽ നൈപുണിയും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതിനുള്ള മനോഭാവവും കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും ജി എം വി എച്ച് എസ് നിലമ്പൂർ സ്കൂളിന് ഒരു മാസ്റ്റർ പ്ലാൻ അത്യാവശ്യമാണ്. 2025 26 അക്കാദമിക വർഷത്തിൽ തൊഴിൽ ഉഗ്രത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നമ്മുടെ വിദ്യാലയത്തിൽ നടപ്പാക്കുന്ന ചില പദ്ധതികളും അവയുടെ പ്രവർത്തന ആസൂത്രണവുമാണ് ചുവടെ ചേർത്തിരിക്കുന്നത്

- ➔ വിദ്യാലയങ്ങളിലെ 8,9 ക്ലാസുകളിലെ കുട്ടികളെ പരിചയപ്പെടുന്നതോടൊപ്പം രക്ഷിതാക്കളുടെ തൊഴിലും പ്രവർത്തന മേഖലയും ശേഖരിക്കുന്നു

- ➔ വിദ്യാലയങ്ങളിൽ റിയൽസ് വീഡിയോ പോസ്റ്ററുകൾ എന്നിവ തയ്യാറാഎന്നതിന് അഭിരുചിയുള്ള കുട്ടികളുടെ പേര് വിവരങ്ങൾ സ്വീകരിക്കുന്നു

GMVHSS NILAMBUR

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയവ് | സാമ്പത്തകം | ഏജൻസി |
| --- | --- | --- | --- | --- |
| • പൂക്കളുടെ മൂല്യ വർദ്ധനവിന്റെ ആവശ്യകത പ്രാധാന്യം പരിചയപ്പെടുത്തൽ.<br>• വിവിധ പുഷ്പാലങ്കാര രീതികൾ പരിചയപ്പെടുക.<br>• പൂക്കളിൽ നിന്നും തയ്യാറാക്കാവുന്ന മൂല്യ പദ്ധതി ഉൽപ്പന്നങ്ങൾ പരിചയപ്പെടുന്നു. | • കൃഷിഭവന്റെ സഹായത്തോടുകൂടി ചെന്നു കൃഷി ക്ലാസ് അടിസ്ഥാനത്തിൽ നടത്തുന്നു.<br>• കൃഷി ഓഫീസുമായി ഒരു മുഖാമുഖം | മൂന്നുമാസം<br><br>ഒരു ദിവസം | 3000 രൂപ<br><br>1000 രൂപ | പിടിഎ<br><br>പിടിഎ |
| • ട്രിപ്പ് ഇറിഗേഷനിൽ (തുള്ളിനന) സംവിധാനത്തിലൂടെ കൃഷിയിടങ്ങളിൽ ജലം എത്തിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നേടുക<br>• മണ്ണിനടിയിലൂടെ പൈപ്പുകൾ വിന്യസിക്കുന്ന ഫ്ലമിങ് രീതികൾ പരിശീലിച്ച് അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗപ്പെടു | • കുട്ടികളുടെ രക്ഷിതാക്കളുടെ ഇടയിൽ പ്ലംബിങ് ജോലികളിൽ എക്സ്പോർട്ട് ആയ ആളുകളുടെ സേവനം ഉപയോഗപ്പെടുത്തി ചെണ്ടുമല്ലി കൃഷിയിലേക്ക് പ്രായോഗിക പരിശീലനം. | ഒരു ദിവസം | 4000 രൂപ | പിടിഎ |

GMVHSS NILAMBUR

| | | | | |
|---|---|---|---|---|
| ത്തുന്നു. | | | | |
| • വിവിധ പരിപാടികൾ ഡോക്യുമെന്റേഷൻ നടത്തി സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള കഴിവ് നേടുക.<br>• ലേഖന രൂപത്തിൽ ഡോക്യുമെന്റ് സൂക്ഷിച്ചിരിക്കുന്നതിനുള്ള കഴിവ് നേടുക. | • വിദ്യാലയങ്ങളുടെ റിയൽസ് വീഡിയോ ലിറ്റിൽ കുട്ടികളെ ഉപയോഗപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്ന ഈ കുട്ടികളെ ഉപയോഗപ്പെടുത്തി മറ്റു കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ഒരു ദിവസം | ആവശ്യമില്ല | കുട്ടികൾ |
| • പുസ്തക നിർമ്മാണ സാമഗ്രികളെ കുറിച്ച് അറിവ് നേടുന്നു.<br>• പുസ്തക നിർമ്മാണത്തിലെ വ്യത്യസ്ത തയ്യൽ രീതികൾ സ്വാഹിതം ആകുന്നു.<br>• ബൈൻഡിങ് ശൈലികൾ സ്വായിത്തമാകുന്നു. | • ക്ലാസ് മുറിയിൽ നടത്തിയ വിവിധ പ്രവർത്തനങ്ങളെ ഉൾപ്പെടുത്തി ഒരു റിട്ടേൺ ഡോക്യുമെന്റ് തയ്യാറാക്കുന്നു. ഈ ഡോക്യുമെന്റുകളെ സൂക്ഷിക്കുന്നതിന് പുസ്തകരൂപത്തിലേക്ക് മാറ്റുന്നതിനായി എക്സ്പോർട്ടിന്റെ സഹായത്തോടെ ബുക്ക് ബൈൻഡിങ് ക്ലാസ് സംഘടിപ്പിക്കുന്നു രക്ഷിതാക്കളെ പങ്കെടുപ്പിക്കുന്നു. | മൂന്നുമാസം | 5000 രൂപ (പങ്കെടുക്കുന്ന ആളുകളുടെ എണ്ണത്തിനനുസരിച്ച് തുകയിൽ മാറ്റം ഉണ്ടാകാം.) | പിടിഎ |
| • പൈതൃക | • രക്ഷിതാക്കളിൽ | ഒരു | 500 രൂപ | പിടിഎ |

GMHSS NILAMBUR

| | | | | |
|---|---|---|---|---|
| മാലിന്യം എന്തെന്ന് തിരിച്ചറിയുക<br>• പൈതൃക മാലിന്യത്തിന്റെ ഭീകരത ബോധ്യപ്പെടുത്തുക<br>• പൈതൃക മാലിനെ പരിപാലനത്തിന്റെ നവീന രീതികളെ കുറിച്ച് പ്രേരണ നേടുക. | ഹരധർമ്മസേനയിൽ അംഗമായവരെ കണ്ടെത്തി അവരുമായി മുഖാമുഖം പരിപാടി സംഘടിപ്പിക്കുന്നു.<br>• കെമിസ്ട്രി അധ്യാപകന്റെ സഹായത്തോടെ വിവിധതരം പ്ലാസ്റ്റിക്കുകളുടെ സാന്ദ്രത കണ്ടെത്തുന്നു. | ദിവസം | | |

GMVHSS NILAMBUR